28
1/1/21

**കേരള സർക്കാർ**
**ധനകാര്യ (റൂൾസ്-ബി) വകുപ്പ്**

# സർക്കുലർ

**നമ്പർ. 83/2020/ധന.** **തീയതി, തിരുവനന്തപുരം 30.12.2020**

**വിഷയം: കെ.എസ്.ആർ., ഭാഗം I, അനുബന്ധം XII A / XII C പ്രകാരം ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**
**സൂചന: 05.11.2020-ലെ സ.ഉ. (പി) നം. 152/2020/ധന.**

സർക്കാർ ഉദ്യോഗസ്ഥർക്ക് വിദേശത്തോ സ്വദേശത്തോ മെച്ചപ്പെട്ട മറ്റ് ജോലികളിൽ ഏർപ്പെടുന്നതിന് കെ.എസ്.ആർ., ഭാഗം I, അനുബന്ധം XII A പ്രകാരവും വിദേശത്തോ സ്വദേശത്തോ പങ്കാളിയോടൊപ്പം താമസിക്കുന്നതിന് കെ.എസ്.ആർ., ഭാഗം I, അനുബന്ധം XII C പ്രകാരവും നിലവിൽ ഒരു ഘട്ടത്തിൽ 5 വർഷം എന്ന തരത്തിൽ പരമാവധി 20 വർഷം വരെ അനുവദിച്ച് വരുന്ന ശൂന്യവേതനാവധി, സൂചനയിലെ ഉത്തരവ് പ്രകാരം സർവ്വീസ് കാലയളവിൽ പരമാവധി 5 വർഷമായി നിജപ്പെടുത്തുകയുണ്ടായി. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ, ഭാഗം I, അനുബന്ധം XII A / XII C പ്രകാരമുള്ള ശൂന്യവേതനാവധി അനുവദിക്കുന്നത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. കെ. എസ്. ആർ., ഭാഗം ഒന്ന്, അനുബന്ധം XII-A, XII-C എന്നിവ പ്രകാരമോ ഇവ രണ്ടും ചേർത്തോ ഒരു ഉദ്യോഗസ്ഥന് സർവ്വീസ് കാലയളവിൽ അനുവദിക്കാവുന്ന ശൂന്യവേതനാവധി കാലയളവ് 05/11/2020 മുതൽ പ്രാബല്യത്തിൽ പരമാവധി അഞ്ചു വർഷമായിരിക്കും. അവധി അവസാനിക്കുന്ന മുറയ്ക്ക്; അഥവാ 5 വർഷത്തിന് ശേഷം തിരികെ ജോലിയ്ക്ക് ഹാജരാകാതിരിക്കുന്ന പക്ഷം കെ.എസ്.ആർ., ഭാഗം ഒന്ന്, അനുബന്ധം XII-A, ചട്ടം 9 / XII-C, ചട്ടം 10 പ്രകാരം അച്ചടക്കനടപടി സ്വീകരിച്ച് സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. 05/11/2020-ന് ശേഷം ലഭിക്കുന്ന അപേക്ഷകളിൽ പുതുതായി അഞ്ചു വർഷത്തേക്ക് അവധി അനുവദിക്കുകയോ സർവ്വീസ് കാലയളവിൽ ആകെ അവധി അഞ്ചു വർഷം വരെ ദീർഘിപ്പിക്കുകയോ ചെയ്ത് പുറപ്പെടുവിക്കുന്ന ഉത്തരവുകളിൽ യാതൊരു കാരണവശാലും അഞ്ചു വർഷത്തിനുമേൽ പ്രസ്തുത അവധി ദീർഘിപ്പിക്കുകയില്ല എന്നും 5 വർഷത്തിന് ശേഷം ജോലിയ്ക്ക് ഹാജരാകാതിരുന്നാൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കേണ്ടതാണ്.
3. അഞ്ച് വർഷത്തിലധികം കാലയളവിലേയ്ക്ക് അവധി ദീർഘിപ്പിക്കുന്നതിനായി 05/11/2020 തീയതിയ്ക്ക് ശേഷം സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ നിരസിക്കേണ്ടതും ഇതിനകം അനുവദിച്ച അവധി കാലയളവ് അവസാനിക്കുന്ന മുറയ്ക്ക് തിരികെ സർവ്വീസിൽ പ്രവേശിക്കേണ്ടതാണെന്ന് അപേക്ഷകനെ അറിയിക്കേണ്ടതുമാണ്. സർവ്വീസിൽ തിരികെ പ്രവേശിക്കാതെ അനധികൃതമായി അവധിയിൽ തുടരുന്നവർക്കെതിരെ കെ.എസ്.ആർ., ഭാഗം I, അനുബന്ധം XII-A, ചട്ടം 9 / XII-C, ചട്ടം 10 പ്രകാരം അച്ചടക്കനടപടി സ്വീകരിച്ച് സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. കെ. എസ്. ആർ., ഭാഗം ഒന്ന്, അനുബന്ധം XII-A പ്രകാരമുള്ള അവധി ദീർഘിപ്പിക്കുന്നതിനായി 05/11/2020-ന് മുൻപ് സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ, അപേക്ഷകർ തൊഴിൽദാതാവുമായി ഏതെങ്കിലും തരത്തിലുള്ള കരാറിൽ ഏർപ്പെട്ടിട്ടുള്ള പക്ഷം കരാറിന്റെ പകർപ്പ് സഹിതം ഉചിതമാർഗ്ഗേണ വകുപ്പ് തലവന്റെ വ്യക്തമായ ശുപാർശയോടെ സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത അപേക്ഷകളിന്മേൽ അർഹതയുടെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കേണ്ടതും, അന്തിമ തീരുമാനമെടുക്കും മുൻപ് ബന്ധപ്പെട്ട ഭരണവകുപ്പ് നിർബന്ധമായും ധനകാര്യ വകുപ്പിന്റെ അനുമതി തേടേണ്ടതുമാണ്.
5. കെ. എസ്. ആർ., ഭാഗം ഒന്ന്, അനുബന്ധം XII-C പ്രകാരമുള്ള അവധി ദീർഘിപ്പിക്കുന്നതിനായി 05/11/2020-ന് മുൻപ് സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ ഉചിതമാർഗ്ഗേണ വകുപ്പ് തലവന്റെ വ്യക്തമായ ശുപാർശയോടെ സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത അപേക്ഷകളിന്മേൽ അർഹതയുടെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കേണ്ടതും, അന്തിമ തീരുമാനമെടുക്കും മുൻപ് ബന്ധപെട്ട ഭരണവകുപ്പ് നിർബന്ധമായും ധനകാര്യ വകുപ്പിന്റെ അനുമതി തേടേണ്ടതുമാണ്.
6. കെ. എസ്. ആർ., ഭാഗം ഒന്ന്, അനുബന്ധം XII-A, XII-C ചട്ടങ്ങൾ പ്രകാരം അനുവദിക്കുന്ന ശൂന്യവേതനാവധിയോടൊപ്പം വെക്കേഷൻ കാലയളവ് മുൻ/പിൻചേർത്ത് അനുവദനീയമല്ല. ആയതിനാൽ അദ്ധ്യയന വർഷാവസാനമോ, മദ്ധ്യവേനലവധി കാലത്തിനിടയിലോ തിരികെ പ്രവേശിക്കുവാനാകുന്ന രീതിയിൽ പ്രസ്തുത അവധിയ്ക്ക് അപേക്ഷിക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്.
7. കെ. എസ്. ആർ., ഭാഗം ഒന്ന്, അനുബന്ധം XII-A, XII-C ചട്ടങ്ങൾ പ്രകാരം ശൂന്യവേതനാവധിയിലായിരുന്നതും എന്നാൽ അനുവദിച്ച കാലയളവിന് ശേഷവും അവധി അപേക്ഷ സമർപ്പിക്കാതെയും സർവ്വീസിൽ തിരികെ പ്രവേശിക്കാതെയും നിലവിൽ അനധികൃതമായി അവധിയിൽ തുടരുന്ന എല്ലാ ജീവനക്കാരെയും കെ.എസ്.ആർ., ഭാഗം I, അനുബന്ധം XII-A, ചട്ടം 9 / XII-C, ചട്ടം 10 പ്രകാരം അച്ചടക്കനടപടി സ്വീകരിച്ച് സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ എല്ലാ വകുപ്പ് തലവൻമാരും സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്.

**രാജേഷ് കുമാർ സിംഗ്**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

**പകർപ്പ് :-**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)-II, കേരള, തിരുവനന്തപുരം.
എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.
ഗവർണ്ണറുടെ സെക്രട്ടറി, രാജ്ഭവൻ.
നിയമസഭാ സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.
എല്ലാ വകുപ്പ് / ഓഫീസ് തലവൻമാർക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കെ.പി.എസ്.സി, തിരുവനന്തപുരം (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/മഹാത്മാഗാന്ധി/കണ്ണൂർ
സർവ്വകലാശാലകൾ (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, ഫിഷറീസ് യൂണിവേഴ്സിറ്റി (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ്
രജിസ്ട്രാർ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്
രജിസ്ട്രാർ, സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം യൂണിവേഴ്സിറ്റി (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി
സെക്രട്ടറി, തദ്ദേശസ്വയംഭരണ ഓംബുഡ്സ്മാൻ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്തോടുകൂടി).
സെക്രട്ടറി, കെ.എസ്.ഇ.ബി, തിരുവനന്തപുരം (ആമുഖ കത്തോടുകൂടി).
ജനറൽ മാനേജർ, കെ.എസ്.ആർ.റ്റി.സി, തിരുവനന്തപുരം.
സെക്രട്ടറി, മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.
സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷണർ, കേരള, തിരുവനന്തപുരം.
സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ (ആമുഖ കത്തോടുകൂടി).
നോഡൽ ഓഫീസർ, www.finance.kerala.gov.in
വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E-1618494, RULES-B1/34/2020-FIN).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ